# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**09.07.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 11 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ചേമ്പറിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും, ബഹു.നഗരകാര്യവകുപ്പുമന്ത്രിയും സന്നിഹിത രായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 02.07.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2014-15 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 10000 കോടി രൂപ അടങ്കലുള്ള 192532 പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ടെന്നും, അവയിൽ 167079 പ്രോജക്ടുകളുടെ വെറ്റിംഗ് ഇതിനോടകം പൂർത്തിയായതായും, അവയുടെ മൊത്തം അടങ്കൽ 8226 കോടി രൂപയാണെന്നും യോഗം നിരീക്ഷിച്ചു. 5238 കോടി രൂപ അടങ്കൽ വരുന്ന 113676 പ്രോജക്ടുകൾക്കാണ് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകിയതെന്നും യോഗം നിരീക്ഷിച്ചു.

2.2 2014-15 വാർഷിക പദ്ധതി രൂപീകരണത്തിൽ ജില്ലാ പഞ്ചായത്തുകളാണ് ഇതുവരെ പൊതുവെ പിന്നിൽ നിൽക്കുന്നതെന്ന് വിലയിരുത്തുകയുണ്ടായി. എറണാകുളം , മലപ്പുറം, ഇടുക്കി, ജില്ലാ പഞ്ചായത്തുകൾ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും മറ്റു ജില്ലാ പഞ്ചായത്തുകളിൽ സ്ഥിതി മെച്ചമല്ലെന്നും പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ 312 പ്രോജക്ടുകളും, കോട്ടയത്ത് 257 പ്രോജക്ടുകളും. വയനാട്ടിൽ 7 പ്രോജക്ടുകളും ആലപ്പുഴയിൽ 4 പ്രോജക്ടുകളം മാത്രമാണ് ഇതുവരെ അംഗീകാരം നേടിയിട്ടുള്ളതെന്നും നിരീക്ഷിച്ചു. ജില്ലാ പഞ്ചായത്തുകളുടെ സ്ഥിതി വിശേഷങ്ങളും പ്രശ്നങ്ങളും വിലയിരുത്തുന്നതിനും പ്രശ്ന പരിഹാരം സാദ്ധ്യമാക്കുന്നതിനും ബഹു. പഞ്ചായത്ത് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.07.2014ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും എഞ്ചിനീയർമാരുടെയും യോഗം നിയമസഭാ മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ ചേരാൻ തീരുമാനിച്ചു.

2.3 ജില്ലാ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 2014 ആഗസ്റ്റ് 1 മുതൽ സെപ്തംബർ 6 വരെ 'കില'യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാനുദ്ദേശിച്ച പരിശീലന പരിപാടി സംബന്ധിച്ച നിർദ്ദേശങ്ങൾ യോഗം ചർച്ച ചെയ്യുകയും, 'ജില്ലാ പദ്ധതി രൂപീകരണം' സംബന്ധിച്ച പ്രശ്നങ്ങൾ വിലയിരുത്തി ഉചിത തീരുമാനങ്ങൾ കൊക്കൊള്ളുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനുമായി ആലോചിച്ച് മൂന്നു മന്ത്രിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ സാന്നിദ്ധ്യത്തിൽ ചേരുന്നതിന് തീരുമാനിച്ചു. മറ്റു ക്ഷണിതാക്കളെ നിശ്ചയിക്കുന്നിനും ക്ഷണിക്കുന്നതിനും സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനുമായി ആലോചിച്ച് നടപടി സ്വീകരിക്കാൻ പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ.സി.പി. ജോണിനെ ചുമതലപ്പെടുത്തി .

2.4 വിവിധതലങ്ങളിലെ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തത കൈവരുത്തുന്നതിന് ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്ത് അസോസിയേഷനുകളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി ചർച്ച ചെയ്യുന്നതിന് സ്റ്റേറ്റ് പെർപോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

2.5 ദീർഘകാലമായി പണി ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന ആസ്തികൾ ഏതൊക്കെയാണെന്ന് വിലയിരുത്തുന്നതിനും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനിയർ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ കമ്മിറ്റിയെ ചുമതലപ്പെടുത്തി. പഞ്ചായത്ത് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 39154/ഡി.ഡി.2/14/തസ്വഭവ) തീയതി 09.07.2014**

മുപ്പത്തടത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന കമ്പ്യൂട്ടർ പരിശീലനകേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം പദ്ധതി മാർഗരേഖപ്രകാരം അനുവദിക്കാവുന്നതല്ല എന്നു നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പൂത്തൃക്ക ഗ്രാമപഞ്ചായത്ത് (ഫയൽനം. 37883/ഡി.ഡി2/14/തസ്വഭവ)തീയതി 09.07.2014**

സെറിബ്രൽ പാൾസി രോഗാവസ്ഥയിലുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നത് സംബന്ധിച്ചുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എറണാകുളം റീജിയണൽ കോഓർഡിനേറ്ററുടെ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് തീയതി 09.07.2014**

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന തൊഴിൽ പരിശീലനകേന്ദ്രം, വിനോദ സഞ്ചാരകേന്ദ്രം എന്നിവയ്ക്ക് സ്ഥലം നൽകാമെന്ന് സമ്മതിച്ചിട്ടുള്ള വ്യക്തികളിൽ നിന്ന് സറണ്ടർ സർട്ടിഫിക്കറ്റ് വാങ്ങുന്നതാണ് ഉചിതമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 അടിമാലി ബ്ലോക്ക് പഞ്ചായത്ത് തീയതി 09.07.2014**

നെല്ലിപ്പാറക്കുടി ആദിവാസി കോളനി വൈദ്യുതീകരണത്തിന്റെ ഭാഗമായി തെരുവുവിളക്കുകൾ സ്ഥാപിക്കാൻ അനുവദിക്കണമെന്ന ആവശ്യം ആദിവാസി കോളനി എന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അനുവാദം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് തീയതി 09.07.2014**

വാഹനം വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യത്തിൽ വകുപ്പുതല തീരുമാനമെടുക്കാനും ക്ഷീരോത്സവം ഉൾപ്പെടെ കന്നുകുട്ടി പരിപാലന മേള നടത്താനുള്ള ആവശ്യം അംഗീകരിക്കാനും തീരുമാനിച്ചു. ഓണാട്ടുകര മഹോത്സവം, കുംഭഭരണി കെട്ടുകാഴ്ച എന്നിവയ്ക്ക് ഫണ്ട് ഉപയോഗിക്കാനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പൈവളികെ ഗ്രാമപഞ്ചായത്ത് (ബഹു.മഞ്ചേശ്വരംഎം.എൽ.എ ശ്രീ.പി.ബി. അബ്ദുൾ റസാക്ക് മുഖേന സമർപ്പിച്ചത്) തീയതി 09.07.2014**

വായ്പ എടുക്കൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് നടപടിയെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കുമ്പള ഗ്രാമപഞ്ചായത്ത് (ബഹു.മഞ്ചേശ്വരംഎം.എൽ.എ ശ്രീ.പി.ബി. അബ്ദുൾ റസാക്ക് മുഖേന സമർപ്പിച്ചത്) തീയതി 09.07.2014**

3.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മാണിക്കൽ ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

പുതിയ വാഹനം വാങ്ങണമെന്ന് ആവശ്യത്തിന്മേൽ പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്കെടുക്കുന്നതാണ് ഉചിതമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് (ബഹു.മഞ്ചേശ്വരംഎം.എൽ.എ ശ്രീ.പി.ബി. അബ്ദുൾ റസാക്ക് മുഖേന സമർപ്പിച്ചത്) തീയതി 09.07.2014**

സോളിഡ് വേസ്റ്റ് റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമമനുസരിച്ച് നടപടി എടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കൊല്ലം ജില്ലാ പഞ്ചായത്ത് തീയതി 09.07.2014**

കൊല്ലം ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകളുമായി ചേർന്നുള്ള അംഗനവാടി കെട്ടിട നിർമ്മാണം, മാർഗരേഖ അനുസരിച്ച് അനുവദനീയമാണെന്നും മത്സ്യമാർക്കറ്റ് നവീകരണം അംഗീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പുലാമന്തോൾ ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

ഗ്രാമപഞ്ചായത്തുകളിൽ മുൻവർഷത്തേതിന്റെ 15 ശതമാനത്തിൽ കൂടുതൽ തനത് ഫണ്ട് പ്രോജക്ടുകൾക്ക് നീക്കി വയ്ക്കുന്നതിന് മാർഗരേഖയിൽ വ്യവസ്ഥയുണ്ടെന്നും അതനുസരിച്ച് നടപടിയെടുക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 43247/ഡി.ഡി.2/14/തസ്വഭവ) തീയതി 09.07.2014**

സമ്പൂർണ്ണ സാക്ഷരത പദ്ധതി 2014-15 വർഷം നടപ്പാക്കുന്നതിന് 507/508 നമ്പർ കോഡുകൾ നൽകിയിട്ടുള്ളതായി ഐ.കെ.എം. അറിയിച്ചിട്ടുണ്ടെന്ന് യോഗത്തിൽ വ്യക്തമാക്കപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പനമരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 41596/ഡി.ഡി.2/14/തസ്വഭവ)**

**തീയതി 09.07.2014**

2013-14 വർഷം ബ്ലോക്ക് പഞ്ചായത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി അംഗീകാരം ഇല്ലാതെ നടപ്പാക്കിയതിന് ബന്ധപ്പെട്ടവരിൽ നിന്നും സർക്കാർ വിശദീകരണം ആവശ്യപ്പെടണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ഊരകം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 31666/എഫ്.എം3/14/തസ്വഭവ)**

**തീയതി 09.07.2014**

ജലനിധി പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുമെന്നതിനാൽ കുടിവെള്ള ക്ഷാമം രൂക്ഷമായ 6, 8, 16 വാർഡുകളിൽ എച്ച്.എ.ഡി.എ,യുമായി ചേർന്ന് പദ്ധതി നടപ്പാക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 13184/ഡി.ഡി.3/14/തസ്വഭവ)**

**തീയതി 09.07.2014**

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ഡി അഡിക്ഷൻ കൗൺസിലിംഗ് പദ്ധതിക്ക് വേണ്ട് ചെലവാക്കിയ 67729 രൂപയ്ക്ക് അംഗീകാരം നൽകണമെന്ന ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 42719/ഡി.ഡി.2/14/തസ്വഭവ)**

**തീയതി 09.07.2014**

2012-13, 2013-14 വർഷങ്ങളിൽ ഏറ്റെടുത്ത കുടിവെള്ള പ്രോജക്ടുകൾ സ്പിൽഓവർ ആയി മാറിയതെന്തുകൊണ്ടാണെന്നും ഇവ എത്ര രൂപയുടെ പദ്ധതിയാണ് എന്നും തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ഓച്ചിറ ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

ഓച്ചിറ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസ് കെട്ടിടത്തിന് വസ്തുവാങ്ങൽ, പട്ടികജാതി ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതികളുമായി ബന്ധപ്പെട്ട വാല്യുവേഷനിലെ നിരക്കു വ്യത്യാസം സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. 22.01.1999-ലെ ജി.ഒ.(പി)18/98/LA ഉത്തരവിന് കാലാനുസൃതമായ മാറ്റം ആവശ്യമാണെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 41909/ഡി.ഡി.2/14/തസ്വഭവ)**

**തീയതി 09.07.2014**

2014-15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ അംഗീകരിക്കാനും ISO സർട്ടിഫിക്കേഷന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 47880/ഡി.എ2/14/തസ്വഭവ)**

**തീയതി 09.07.2014**

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനദ്ദേശിക്കുന്ന തുണി ബാഗ് നിർമ്മാണം പരിശീലനകേന്ദ്രം സ്ഥാപിക്കലും പരിശിലനം നൽകലും പദ്ധതി അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 45775/എഫ്.എം.3/14/തസ്വഭവ)**

**തീയതി 09.07.2014**

ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന കുടിവെള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്തമായി നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 43433/എഫ്.എം.3/14/തസ്വഭവ)**

**തീയതി 09.07.2014**

മലപ്പുറം ജില്ലാ പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ജലനിധി വിഹിതത്തിനായി ധനസഹായം നൽകാനുള്ള പ്രോജക്ട് അംഗീകരിക്കേണ്ടതില്ലെന്നും ജലനിധി വിഹിതം ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 അടിമാലി ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

ഗ്രാമപഞ്ചായത്തിന്റെ അടിമാലി ൦ൗണിൽ സി.സി ടി.വി സ്ഥാപിക്കൽ എന്ന പദ്ധതിക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ഇടുക്കി തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത്**

**തീയതി 09.07.2014**

15 ലക്ഷം രൂപവരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കാമെന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തിയിട്ടില്ലെന്നും ടെണ്ടർ ചെയ്യുകയാണെങ്കിൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടത്തേണ്ടതാണെന്നും സർക്കാർ വിശദീകരണം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ഞീഴൂർ ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

ഞീഴൂർ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതിക്ക് വാങ്ങിയ വാഹനത്തിന്റെ തുടർ ചെലവുകൾ വഹിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

2015-ലെ തദ്ദേശസ്വയം സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പിന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് ഫണ്ട് 2015 – 2016 വർഷം വകയിരുത്താൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 അടിമാലി ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

2014–15 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധിയുടെ പ്രതിമ സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം തനത് ഫണ്ട് ഉപയോഗിച്ച് നിർവഹിക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ഉാലം ബ്ലോക്ക് പഞ്ചായത്ത് തീയതി 09.07.2014**

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അംഗീകാരം നൽകണമെന്ന് വീണ്ടും ആവശ്യപ്പെട്ടത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 മറയൂർ ഗ്രാമ പഞ്ചായത്ത് തീയതി 09.07.2014**

മറയൂർ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി വഴി നടപ്പാക്കാൻ തീരുമാനിച്ച പ്രവൃത്തി ബിനാമി കോൺട്രാക്ടർ വഴി നടപ്പാക്കുകയും പ്രവൃത്തിയിലെ അപാകത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട എഞ്ചിനീയറെ ബിനാമി കോൺട്രാക്ടർ ഭീഷണിപ്പെടുത്തുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടു. മറയൂർ ഗ്രാമപഞ്ചായത്തിൽ എല്ലാ പ്രവൃത്തികളും ടെണ്ടർ വഴി നടപ്പിലാക്കിയാൽ മതിയെന്നും ഗുണഭോക്തൃസമിതി വഴി നടപ്പാക്കേണ്ടതില്ലെന്നും സർക്കാർ നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

**(ബഹു. പട്ടാമ്പി എം.എൽ.എ ശ്രീ.സി.പി. മുഹമ്മദ് മുഖേന)**

2013– വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണ പ്രോജക്ട് നടപ്പിലാക്കുന്നതിന് പ്രവൃത്തി CPWD നിരക്ക് അവലംബിച്ച് റീടെണ്ടർ ചെയ്യുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കൊച്ചി നഗരസഭ തീയതി 09.07.2014**

നഗരസഭയുടെ ഓഫീസ് മന്ദിര നിർമ്മാണം എന്ന പ്രവൃത്തിക്ക് അധിക നിരക്ക് നൽകുന്നത് സംബന്ധിച്ച വിഷയം വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 പന്തളം ബ്ലോക്ക് പഞ്ചായത്ത് തീയതി 09.07.2014**

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കെട്ടിടം പണിയണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കളമശ്ശേരി മുനിസിപ്പാലിറ്റി തീയതി 09.07.2014**

ലോകബാങ്ക് സഹായം ഉപയോഗിച്ച് പൊതുശ്മശാനം പദ്ധതി നിർവഹണം പൂർത്തിയായതിനുശേഷം മിച്ചം വന്ന തുക ഉപയോഗിച്ച് കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ്, പ്രിന്റർ മെഷീനുകളും വാങ്ങണമെന്ന ആവശ്യം ലോകബാങ്ക് സഹായം സംബന്ധിച്ച മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടതാണെങ്കിൽ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കൈനകരി ഗ്രാമപഞ്ചായത്ത് തീയതി 09.07.2014**

കൈനകരി ഗ്രാമപഞ്ചായത്തിന്റെ വീട്ടിലൊരു പഠനമുറി എന്ന പ്രോജക്ടിന് സബ്സിഡി മാനദണ്ഡങ്ങളിൽ ഇളവ് നൽകണമെന്ന ആവശ്യത്തിന്മേൽ നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിച്ചു.)**

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 16.07.2014 രാവിലെ 11 .30 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടുന്നതാണ്.***